# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1736

14.08.2017 ൽ മറുപടിക്ക്

## ശ്രീ.ടി.പി.സെൻകുമാറിനെ പ്രോസിക്യൂട്ട് ചെയ്യാനുള്ള അനുമതി

**ചോദ്യം:**

**ശ്രീ.അൻവർ സാദത്ത്**

**ഉത്തരം :**

**ശ്രീ.പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**(എ)** മുൻ പോലീസ് മേധാവി ശ്രീ.ടി.പി.സെൻകുമാറിനെ പ്രോസിക്യൂട്ട് ചെയ്യുവാൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആരുടെ പരാതിയിന്മേലാണ് അനുമതി നൽകിയതെന്നും എന്ത് കുറ്റത്തിന്റെ പേരിലാണെന്നും എന്നാണ് അനുമതി നൽകിയതെന്നും അറിയിക്കുമോ;

**(എ)** ഇല്ല.

**(ബി)** പ്രോസിക്യൂഷന് അനുമതി തേടിക്കൊണ്ട് പരാതിക്കാരൻ എന്നാണ് കത്ത് നൽകിയത്; നേരത്തേ ഇക്കാര്യത്തിൽ സർക്കാർ അനുമതി നിഷേധിച്ചതായിരുന്നോ എന്നും എങ്കിൽ എന്ത് കാരണത്താലാണ് അന്ന് അനുമതി നിഷേധിച്ചത് എന്നും വ്യക്തമാക്കാമോ;

**(ബി)** 27.06.2015-ൽ ഇ-മെയിൽ മുഖേന അപേക്ഷ നൽകിയിരുന്നതായി 20.04.2017-ൽ അപേക്ഷകൻ നൽകിയ ഓർമ്മക്കുറിപ്പിൽ അറിയിച്ചിരുന്നു. ആൾ ഇന്ത്യാ സർവ്വീസ് (കോൺടക്ട്) റൂൾസ് 1968-ലെ ചട്ടം 17-ൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത സമയപരിധി കഴിഞ്ഞതിനാൽ പ്രോസിക്യൂഷൻ അനുമതി ലഭ്യമായതായി കണക്കാക്കി അപേക്ഷകന് ഡോ.ടി.പി.സെൻകുമാർ ഐ.പി.എസിനെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാവുന്നതാണെന്ന് മറുപടി നൽകുകയുണ്ടായി.

**(സി)** കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ മേലുദ്യോഗസ്ഥൻ കീഴുദ്യോഗസ്ഥരെക്കുറിച്ച് രേഖപ്പെടുത്തുന്ന വിവരങ്ങൾ പ്രോസിക്യൂഷന് ഇടയാക്കുന്ന ഒന്നാണോ എന്ന് അറിയിക്കാമോ;

**(സി)** കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ മേലുദ്യോഗസ്ഥൻ കീഴുദ്യോഗസ്ഥരെക്കുറിച്ച് രേഖപ്പെടുത്തുന്ന വിവരങ്ങൾ പ്രോസിക്യൂഷന് ഇടയാക്കുന്നതല്ല.

**(ഡി)** ശ്രീ.ടി.പി.സെൻകുമാറിനെ പ്രോസിക്യൂട്ട് ചെയ്യുവാൻ അനുമതി നൽകിയ ഫയലിലെ 2017 മെയ് 1 മുതൽ ജൂൺ 30 വരെയുള്ള നോട്ട് ഫയലിന്റെ പ്രസക്തഭാഗം മേശപ്പുറത്ത് വയ്ക്കുമോ?

**(ഡി)** ശ്രീ.ടി.പി.സെൻകുമാറിനെ പ്രോസിക്യൂട്ട് ചെയ്യുവാൻ അനുമതി നൽകിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**